**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4438

28.6.2012ൽ
മറുപടിയ്ക്ക്

**മലപ്പുറം ജില്ലയിലെ മാവേലി സ്റ്റോറുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മലപ്പുറം ജില്ലയിൽ പുതുതായി എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചു ; ഓരോന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ; | എ) രണ്ട് ; വേങ്ങര മണ്ഡലത്തിൽ കണ്ണമംഗലം പഞ്ചായത്തിലെ അച്ചനമ്പലത്തും മലപ്പുറം മണ്ഡലത്തിൽ കോടൂർ പഞ്ചായത്തിലെ ചെട്ടിപറമ്പും മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിച്ചു. |
| ബി) മലപ്പുറം മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ, സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ എന്നിവ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | ബി) യും സി) യും<br><br>മലപ്പുറം മണ്ഡലത്തിൽ മലപ്പുറം മുനിസിപ്പാലിറ്റി, പൂക്കോട്ടൂർ, മൊറയൂർ, ആനക്കയം, കോടൂർ എന്നീ പഞ്ചായത്തുകളിലും പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരികയാണ്. നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് സപ്ലൈകോ ഇപ്പോൾ മുൻഗണന നൽകിവരുന്നത്. മലപ്പുറം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം മണ്ഡലത്തിൽ പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം ഇപ്പാൾ പരിഗണനയിൽ ഇല്ല. |
| സി) എങ്കിൽ പുതുതായി എവിടെയൊക്കെയാണ് സ്റ്റോറുകൾ ആരംഭിക്കുന്നതെന്നും അവയുടെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ